(ബി) ഓരോ കൃഷിയുടെയും നഷ്ടപരിഹാരത്തിന്റെ പുതിയ നിരക്ക് എത്രയെന്നും, ഇതിനുമുമ്പുണ്ടായിരുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) രോഗകീടബാധമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; ഇത്തരം സന്ദർഭങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിന് പ്രകൃതിക്ഷോഭത്തിലെന്നതുപോലെ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-4-2004-ൽ.

(ബി) നിലവിലുണ്ടായിരുന്ന നിരക്കിന്റെയും വർദ്ധിപ്പിച്ച നിരക്കിന്റെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ വകുപ്പിന്റെ കീഴിൽ ഇപ്രകാരമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലില്ല.

2005 ജൂൺ മാസത്തിലുണ്ടായ അതിവൃഷ്ടിയിലെ നാശനഷ്ടങ്ങൾ

70 [170] *ശ്രീ. കെ. സുധാകരൻ:*

.. *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂൺ മാസത്തിലുണ്ടായ അതിവൃഷ്ടിയിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായിയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേർ മരണപ്പെട്ടുവെന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) എവിടെയെല്ലാം കടന്നാക്രമണങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മഴക്കാലത്ത് മത്സ്യബന്ധനത്തിനുപോയ എത്ര പേർ മരിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) മഴയും കടൽക്ഷോഭവുംമൂലം പട്ടിണിയിലായ തീരദേശവാസികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) മഴമൂലം ദുരിതമനുഭവിച്ച ഗിരിജനങ്ങൾക്കുവേണ്ടി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) .. (എഫ്) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുന്ന ഹാബിറ്റാറ്റ് സെന്റർ

71 [171] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുമെന്ന് അറിയിച്ചിട്ടുള്ള ഹാബിറ്റാറ്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഹാബിറ്റാറ്റ് സെന്റർ എന്നു മുതൽ പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ;

(ഇ) ഹാബിറ്റാറ്റ് സെന്ററിന്റെ പ്രവർത്തനം "അതിവേഗം ബഹുദൂരം" പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഹഡ്കോയും സംയുക്ത സംരംഭമായിട്ടാണ് ഹാബിറ്റാറ്റ് സെന്റർ നടപ്പിലാക്കുന്നത്. ഇതിനായി കവടിയാർ കൊട്ടാരത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട 3.25 ഏക്കർ സർക്കാർ ഭൂമി ഭവന നിർമ്മാണ ബോർഡിന് assign ചെയ്തു നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഹഡ്കോയും ഭവന നിർമ്മാണ ബോർഡും ചേർന്നുള്ള ഒരു special purpose vehicle (SPV) രൂപീകരിക്കേണ്ടതുണ്ട്. അതു രൂപീകരിക്കുന്നതിനുള്ള എം. ഒ. യു.-വിന്റെയും സംയുക്ത സംരംഭക്കമ്പനിയുടെയും കരടിന്റെ അംഗീകാരവും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഹഡ്കോ ഡയറക്ടർ ബോർഡിന്റെ അന്തിമ തീരുമാനവും ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഹഡ്കോയുടെ ന്യൂഡൽഹിയിലുള്ള 'ഇൻഡ്യാ ഹാബിറ്റാറ്റ് സെന്റർ'-ന്റെ മാതൃകയിലാണ് തിരുവനന്തപുരത്തുള്ള ഹാബിറ്റാറ്റ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്നത്. പാർപ്പിടവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള സ്ഥാപനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് വിവിധ തരത്തിലുള്ള സൗകര്യങ്ങൾ ഒരു സ്ഥലത്തുതന്നെ ലഭ്യമാക്കുന്ന തരത്തിലാണ് ടി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

വിഭാവന ചെയ്തിരിക്കുന്നത്. ടി പദ്ധതിയിൽ സാംസ്ക്കാരിക കേന്ദ്രം, കോൺഫറൻസ് ഹാളുകൾ, കമേഴ്സ്യൽ/ഓഫീസ് സ്പെയ്സ്, ക്ലബ്, ഹോട്ടൽ എന്നിവയുണ്ടായിരിക്കും.

(സി) തിരുവനന്തപുരത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ ശിലാസ്ഥാപന കർമ്മം 2005 ജൂലൈ 18-ന് അതിവിശിഷ്ട ഇന്ത്യൻ രാഷ്ട്രപതി നിർവ്വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണച്ചുമതല ഹൗസിംഗ് ബോർഡും ഹഡ്കോയും ചേർന്ന് കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ഉണ്ടാക്കുന്ന എസ്. പി. വി. കമ്പനിക്കായിരിക്കും.

(ഇ) ഹാബിറ്റാറ്റ് സെന്ററിന്റെ പ്രവർത്തനം കേരള സർക്കാരിന്റെ "അതിവേഗം ബഹുദൂരം" പദ്ധതിയിൽ പെടുന്ന നമ്പർ 155 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

കടൽക്ഷോഭത്തിൽ പാർപ്പിടങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

72 [178] *ഡോ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയടുത്ത കാലത്തുണ്ടായ കടൽക്ഷോഭം കാരണം കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ എത്ര പേർക്ക് തങ്ങളുടെ പാർപ്പിടങ്ങൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടു; തിരുവല്ലം, വിഴിഞ്ഞം, കോട്ടുകാൽ, കരുകുളം, തിരുപുറം, കുളത്തൂർ എന്നീ വില്ലേജുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പാർപ്പിടങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നത് വൈകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തന സംവിധാനം

73 [1] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ബി. വിജയകുമാർ:
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ എത്ര വകുപ്പുകളുണ്ട്; ഈ വകുപ്പുകൾക്ക് എത്ര ചീഫ് സെക്രട്ടറിമാർ, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ എന്നിവർ വീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly